591298

**D 115907** **(Pages : 3)** **Name.......................................**

**Reg. No...................................**

# FIRST SEMESTER INTEGRATED P.G. DEGREE (REGULAR/ SUPPLEMENTARY/IMPROVEMENT) EXAMINATION, NOVEMBER 2024 AND NOVEMBER 2024

(CBCSS)

(Common Course)

Malayalam

MAL 1IA07(3)—മലയാള ഭാഷയും സാഹിത്യവും – I

(MALAYALA BHASHAYUM SAHITHIYAVUM – I)

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25 :

1. "കുഞ്ഞായിരിക്കുമളവെത്ര സുഖം

   തരുന്നു തന്മക്കൾ"

   —ഇങ്ങനെ പറയാൻ കാരണമെന്ത് ?
2. ഒരു കലാസൃഷ്ടി പൂർണ്ണമായി തീരുന്നതിനെ കുറിച്ച് നിത്യചൈതന്യയതിയുടെ അഭിപ്രായം എന്ത് ?
3. "ഒരു മയിൽപീലിയുടെ നിറമല്ലോ സ്വാതന്ത്ര്യത്തിന് "—സൂചിതമെന്ത് ?
4. സിംസൺ എന്ന വ്യക്തിയുടെ സവിശേഷതകൾ എന്തെല്ലാം ?
5. ഭൂമി മനുഷ്യന്റെ അല്ല മനുഷ്യൻ ഭൂമിയുടെതാണ് – സിയാറ്റിൽ മൂപ്പൻ ഇങ്ങനെ പറയാൻ കാരണമെന്ത് ?
6. 'നീ ഒരിക്കലും അത് ചെയ്യരുത് ഞാൻ പറഞ്ഞു അത് ഒരു തരം ക്രൂരതയാണ് '—ലോലയോട് കഥാനായകൻ ഇങ്ങനെ പറയാനുള്ള സാഹചര്യം എന്ത് ?
7. വാസ്തവം പറഞ്ഞാൽ വിക്ടോറിയ വെള്ളച്ചാട്ടം അത്ഭുതരസം അല്ല മറ്റേതോ രസമാണ് നമ്മിൽ ജനിപ്പിക്കുന്നത്—ഈ അഭിപ്രായത്തിന്റെ സാംഗത്യം എന്ത് ?
8. "ചുമലിലൊരിത്തിരി റേഷനരിക്കിഴി

   ചുടുചിന്താഭാരങ്ങൾ നെഞ്ചറയിൽ"

   —സന്ദർഭം വ്യക്തമാക്കുക.
9. സാമാന്യമായ ഒന്നിന്റെ വിശേഷത്തെ വേർതരിച്ചു നിർത്തുകയാണ് കല – വ്യക്തമാക്കുക.
10. 'അഭ്യസ്തവിദ്യയും സംസ്കാര സമ്പന്നയുമായ ഒരു സ്ത്രീ എങ്ങനെ ചിന്തിക്കണം എന്നതിനെക്കുറിച്ച് ഒരു ധാരണ സരള രൂപപ്പെടുത്തിയിരുന്നു'—സന്ദർഭം വിവരിക്കുക.

**Turn over**

591298

591298



11. ന്യാസാലാന്റിന്റെ പ്രത്യേകത എന്ത് ?

12. 'പ്രകൃതിയുടെ പ്രത്യയശാസ്ത്രം തന്നെയാണ് പൊക്കുടന്റെ ആത്മകഥ പറയുന്നത് '–ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

13. "ഇഷ്ടകർമ്മങ്ങളിൽ പൂത്തുലയുന്ന
വ്യർത്ഥഭാരങ്ങളിൽ വീർപ്പു മുട്ടുന്ന
പല പോസിലുള്ള ഫോട്ടോകൾ വേണം സർ"
–ആശയം വ്യക്തമാക്കുക.

14. സുഗതകുമാരി – ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

15. കാപ്പിരികളുടെ ജീവിതരീതി എസ്.കെ. പൊറ്റെക്കാട്ട് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയാണ് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35 :

16. ഒത്തുതീർപ്പുകൾ എന്ന കഥയിലെ സ്ത്രീപക്ഷചിന്തകൾ വിലയിരുത്തുക.

17. "കന്നോളവും വ്യഥ പൊറുത്തിതു, സൗഖ്യമെന്തെ
ന്നിന്നോളമമ്മയറിയില്ല"
–അമ്മയുടെ വ്യഥകളുടെ കാരണം വിശദമാക്കുക.

18. വേണ്ടാംകടി എന്ന ശീർഷകം കഥയ്ക്ക് എത്രത്തോളം അനുയോജ്യമാണ്–പരിശോധിക്കുക.

19. അധികഫോട്ടോ അധിക ജ്യോതിസ്സ് എന്ന കെ.ജി. ശങ്കരപ്പിള്ളയുടെ വീക്ഷണത്തിൽ ഉള്ളടങ്ങിയിരിക്കുന്ന സാമൂഹിക വിമർശനം വിശദമാക്കുക.

20. "അരിയില്ല, തിരിയില്ല ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ"
–ആശയമെന്ത് ?

21. ലോല എന്ന അമേരിക്കൻ പെൺകുട്ടിയെ കഥാനായകൻ പ്രണയിക്കാനുള്ള സാഹചര്യങ്ങൾ എന്തൊക്കെ ?

22. 'വായു, ചുവന്ന മനുഷ്യന് അമൂല്യമാണ്. കാരണം എല്ലാ ജീവികളും പങ്കുവയ്ക്കുന്നത് ഒരേ ശ്വാസമാണ് –സിയാറ്റിൽ മൂപ്പന്റെ വാക്കുകൾക്ക് സമകാല ജീവിതാവസ്ഥയിലുള്ള പ്രാധാന്യം എന്ത് ?

23. കണ്ടൽചെടികൾ വച്ചു പിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊക്കുടന്റെ നിരീക്ഷണങ്ങൾ എന്തൊക്കെ ?

(35 marks)

591298

591298



## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ആഫ്രിക്കൻ ജനതയുടെ സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ സവിശേഷതകളെ അടയാളപ്പെടുത്തുന്ന സഞ്ചാരസാഹിത്യകൃതിയാണ് കാപ്പിരികളുടെ നാട്ടിൽ–വിലയിരുത്തുക.

25. ബുദ്ധമതദർശനം 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു എന്ന് ചർച്ച ചെയ്യുക.

26. പരിസ്ഥിതി ദർശനത്തിന്റെ സാമൂഹികതലങ്ങൾ അവതരിപ്പിക്കുന്നവയാണ് ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ, കണ്ടൽ ജീവിതം എന്നീ രചനകൾ–വിശദമാക്കുക.

27. പെണ്ണായി പിറന്നവൾ അനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങളാണ് 'വേണ്ടാംകടി' എന്ന കഥയുടെ പ്രമേയം –പരിശോധിക്കുക.

(2 × 10 = 20 marks)

591298